SEP 2019
DIRECTORATE ... THIRUVANANTHAPURAM-695 003

O/o Director, BCDD | No:
Director
D.D
S.F.O
SS
JS
Clerk

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസനം - ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ (100% കേന്ദ്ര സഹായ പദ്ധതി) തുക വിതരണം - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

===

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ. ഉ. (സാധാ)നം. 94/2019/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 23.09.2019.

===

പരാമർശം: 1. സ.ഉ.(സാധാ)നം.74/2014/പി.സ.വി.വ., തീയതി 01.09.2014.
2. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 30.07.2019 -ലെ ബി.സി.ഡി.ഡി/ബി3/2009/2018 നമ്പർ കത്ത്.

Directorate of BCDD
E.Office Ref. No.........

**<u>ഉത്തരവ്</u>**

പരാമർശം 1 പ്രകാരം ഒ.ബി.സി. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന്റെ (100% കേന്ദ്ര സഹായ പദ്ധതി) തുക വിതരണം സംബന്ധിച്ച മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 3(b) ചുവടെ പറയും പ്രകാരമായിരുന്നു.

"പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും വരുമാന പരിധിയില്ലാതെ തന്നെ ഇപ്പോൾ ലഭിക്കുന്നതിനാൽ ഈ സ്കോളർഷിപ്പ് പദ്ധതിയിൽ ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല."

2. ഈ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ, ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികളെയും 6 ലക്ഷം രൂപ എന്ന വാർഷിക വരുമാന പരിധിയ്ക്ക് വിധേയമായി ഒ.ഇ.സി. -യ്ക്ക് സമാനമായ വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹരായ 30 ഇതര പിന്നാക്ക വിഭാഗങ്ങളെയും ഒഴിവാക്കിയാണ് പദ്ധതി നടപ്പിലാക്കി വന്നിരുന്നത്. എന്നാൽ ഈ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് CA/CMA/CS മുതലായ കോഴ്സുകൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ആനുകൂല്യം അനുവദിക്കുന്നില്ലെന്നും ഫലത്തിൽ ടി സമുദായത്തിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നോ, പിന്നാക്ക വിഭാഗ വികസന വകുകപ്പിൽ നിന്നോ ആനുകൂല്യം ലഭ്യമാകാത്ത അവസ്ഥയാണുള്ളതെന്നും കൂടുതൽ പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് വിദ്യാഭ്യാസ ആനുകൂല്യം ലഭിക്കുന്നില്ലായെന്നത് നീതിയുക്തമല്ല എന്ന വസ്തുത കണക്കിലെടുത്ത് പരാമർശം 1 -ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(b) ഭേദഗതി ചെയ്യണമെന്ന് പരാമർശം 2 പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

(.....2)

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1 -ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക 3(b) ചുവടെപ്പറയും പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

"3(b) പട്ടികജാതി വികസന വകുപ്പിൽ നിന്നും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ / സ്കോളർഷിപ്പ് അനുവദിക്കുന്ന കോഴ്സുകൾക്ക് പഠിക്കുന്ന ഒ.ഇ.സി. വിദ്യാർത്ഥികൾക്കും വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ ഒ.ഇ.സി. യ്ക്ക് സമാനമായ ആനുകൂല്യങ്ങൾ അനുവദിക്കുന്ന ഇതര 30 സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും ഈ സ്കോളർഷിപ്പ് പദ്ധതി പ്രകാരം അർഹത ഉണ്ടായിരിക്കുന്നതല്ല."

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി.എൻ**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ